**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2982** **28-02-2023 - ൽ മറുപടിയ്ക്ക്**

**കാഞ്ഞങ്ങാട് മണ്ഡലത്തിലെ ഫിഷറീസ് വകുപ്പിന്റെ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഫിഷറീസ് വകുപ്പ് കാഞ്ഞങ്ങാട് മണ്ഡലത്തിൽ നടപ്പിലാക്കിയതും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികൾ സംബന്ധിച്ച വിശദാംശം നൽകാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിൽ ഫിഷറീസ് വകുപ്പ് മുഖേന പുനർഗേഹം, സുഭിക്ഷ കേരളം ജനകീയ മത്സ്യകൃഷി, പ്രധാനമന്ത്രി മത്സ്യ സമ്പദാ യോജന (PMMSY) എന്നീ പദ്ധതികളുടെ ഘടക പദ്ധതികളായ ഓരുജല കൂട്ടുകൃഷി, സെമി ഇന്റൻസീവ് കാർപ്പ് കൃഷി, പൊതുകുളങ്ങളിലെ കാർപ്പ് മത്സ്യകൃഷി, കരിമീൻ കൃഷി, വരാൽ വിത്തുല്പാദന യൂണിറ്റ്, പട്ടുതാകുളങ്ങളിലെ മത്സ്യകൃഷി, ബയോഫ്ലോക്ക് മത്സ്യകൃഷി, റീ-സർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം, ശുദ്ധജല കൂട്ടുകൃഷി എന്നീ പദ്ധതികളാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്.<br><br>കൂടാതെ സാഫ്, കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ, മത്സ്യഫെഡ്, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് എന്നിവ മുഖേന കാഞ്ഞങ്ങാട് മണ്ഡലത്തിൽ നടപ്പിലാക്കിയതും നടപ്പിലാക്കി വരുന്നതുമായ പദ്ധതികൾ സംബന്ധിച്ച വിശദാംശം അനുബന്ധം-1 ആയി ചേർക്കുന്നു. |
| (ബി) | മണ്ഡലത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ? | (ബി) | ഫിഷറീസ് വകുപ്പ് മുഖാന്തിരം നടപ്പാക്കുന്ന പുനർഗേഹം പദ്ധതി പ്രകാരം രജിസ്ട്രേഷൻ പൂർത്തിയാക്കിയ 18 ഗുണഭോക്താക്കളിൽ 15 ഗുണഭോക്താക്കൾ ഭവന നിർമ്മാണത്തിന്റെ ഒന്നാം ഘട്ടവും 11 ഗുണഭോക്താക്കൾ രണ്ടാം ഘട്ടവും 6 ഗുണഭോക്താക്കൾ മൂന്നാം ഘട്ടവും പൂർത്തീകരിച്ചിട്ടുണ്ട്.<br><br>“സുഭിക്ഷ കേരളം” “ജനകീയ മത്സ്യകൃഷി” പ്രധാനമന്ത്രി മത്സ്യ സമ്പദാ യോജന (PMMSY)” എന്നീ പദ്ധതികൾ പ്രകാരം മത്സ്യകർഷകർ മത്സ്യവിത്ത് സംഭരിച്ച് കൃഷി ആരംഭിച്ചിട്ടുണ്ട്.<br><br>കൂടാതെ സാഫ്, കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ, മത്സ്യഫെഡ് എന്നീ |

| | | | |
|---|---|---|---|
| | | | ഏജൻസികളും ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് എന്നിവ മുഖേനയുള്ള പദ്ധതികൾ സംബന്ധിച്ച വിശദാംശം അനുബന്ധം- 2 ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം-1

### സാഫ് മുഖേന നടപ്പിലാക്കിയ  പദ്ധതികൾ

1. ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം

സംസ്ഥാനത്തെ മത്സ്യത്തൊഴിലാളി വനിതകളെ ഉൾപ്പെടുത്തി 9 തീരദേശ ജില്ലകളിൽ ഗ്രൂപ്പുകൾ രൂപീകരിച്ച് ചെറുകിട തൊഴിൽ സംരംഭം ആരംഭിക്കുന്നതിനായി ധനസഹായം നൽകിയിട്ടുണ്ട്.

2. സീ ഫുഡ് റെസ്റ്റോറൻറ് പദ്ധതി

കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിൽ 5 പേരടങ്ങുന്ന ഒരു തീരമൈത്രി സീ ഫുഡ് റസ്റ്റോറന്റ് പ്രവർത്തിച്ച് വരുന്നു. ഈ പദ്ധതിയ്ക്കായി 5 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

3. ജെ.എൽ.ജി പദ്ധതി

കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിൽ 16 ഗ്രൂപ്പുകൾക്ക് 50000 രൂപ വീതം ആകെ 8 ലക്ഷം രൂപ പലിശയില്ലാത്ത റിവോൾവിംഗ് ഫണ്ടായി അനുവദിച്ചിട്ടുണ്ട്.

4. സാഫ് മുഖേന നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ

സംസ്ഥാനത്തെ മൽസ്യത്തൊഴിലാളി വനിതകൾക്കുവേണ്ടി 2022-23 വർഷത്തിൽ Alternative and Supporting Livelihood Opportunity to Fisherwomen of Kerala എന്ന പദ്ധതി നടപ്പിലാക്കുന്നു

1. ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം

പദ്ധതി പ്രകാരം സംസ്ഥാനത്തെ മത്സ്യത്തൊഴിലാളി വനിതകളെ ഉൾപ്പെടുത്തി ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് 5 പേരടങ്ങുന്ന ഒരു യൂണിറ്റിന് പരമാവധി 5 ലക്ഷം രൂപ വരെ ഗ്രാന്റായി (ഒരംഗത്തിന് ഒരു ലക്ഷം രൂപ) നൽകാൻ കഴിയും.

കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ 2 ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ആദ്യത്തെ ഗഡുവായി ആകെ 7,00,225/- രൂപ നൽകിയിട്ടുണ്ട്.

ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ് (ജെഎൽജി)

5 പേരടങ്ങുന്ന ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ ആരംഭിച്ച് ഒരു ഗ്രൂപ്പിന് 50000/- രൂപ (ഒരംഗത്തിന് 10000/-രൂപ) വരെ പലിശരഹിത റിവോൾവിംഗ് ഫണ്ട് നൽകുന്നു. കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ നിന്ന് 5 യൂണിറ്റുകളുടെ അപേക്ഷ ലഭിക്കുകയും 2.50 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

## കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പാക്കുന്ന പദ്ധതികൾ

| ക്രമ നം. | പദ്ധതി | അടങ്കൽ തുക (ലക്ഷത്തിൽ) |
|---|---|---|
| സ്റ്റേറ്റ് പ്ലാൻ പദ്ധതികൾ | | |
| 1 | ജി.ആർ.എഫ്.ടി.എച്ച്.എസ്സ്. കാഞ്ഞങ്ങാട് ഹോസ്റ്റൽ റീവയറിംഗ് | 4.38 |
| 2 | ഫിഷർമെൻ യൂട്ടിലിറ്റി സെന്റർ, അജാനൂർ | 94.90 |
| കിഫ്ബി പദ്ധതി | | |
| 3 | മത്സ്യമാർക്കറ്റ് നിർമ്മാണം, കാഞ്ഞങ്ങാട് | 301.478 |

## മത്സ്യഫെഡ് മുഖേന നടപ്പാക്കുന്ന പദ്ധതികൾ

1) ദേശീയ സഹകരണ വികസന കോർപ്പറേഷൻ (എൻ.സി.ഡി.സി) ധനസഹായത്തോടു കൂടിയുള്ള സംയോജിത മത്സ്യ വികസന പദ്ധതി (ഐ.എഫ്.ഡി.പി) പദ്ധതി

മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങുന്നതിനായും, മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങൾ നടപ്പിലാക്കുന്ന തീരദേശ ലേല സമ്പ്രദായം ശക്തിപ്പെടുത്തുന്നതിനുമായി 77 മത്സ്യ ബന്ധന യൂണിറ്റുകൾക്കായി 48.01 ലക്ഷം രൂപ നൽകിയിട്ടുണ്ട്.

2) ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (എൻ.ബി.സി.എഫ്.ഡി.സി)/ ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ (എൻ.എം.ഡി.എഫ്.സി) എന്നീ ദേശീയ ധനകാര്യ സ്ഥാപനങ്ങളുടെ ധനസഹായത്തോടുകൂടിയുള്ള മൈക്രോഫിനാൻസ് വായ്പ പദ്ധതി

പ്രാഥമിക മത്സ്യത്തൊഴിലാളി സംഘങ്ങളുടെ കീഴിൽ രൂപീകരിക്കപ്പെട്ടിട്ടുള്ള സ്വയംസഹായ സംഘങ്ങളിലെ 330 ഗുണഭോക്താക്കൾക്ക് 5% പലിശ നിരക്കിൽ 2 വർഷത്തെ തിരിച്ചടവ് കാലാവധിയിൽ 62.1 ലക്ഷം രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്.

3) സഹകരണ സംഘങ്ങളുടെ ശാക്തീകരണ പദ്ധതി

കാഞ്ഞങ്ങാട് മണ്ഡലത്തിലെ പ്രാഥമിക മത്സ്യത്തൊഴിലാളി സംഘത്തിന് 2 ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.

4) മത്സ്യത്തൊഴിലാളി വനിതകൾക്ക് മത്സ്യവിപണനത്തിനായുള്ള പലിശ രഹിത വായ്പാ പദ്ധതി

കാഞ്ഞങ്ങാട് മണ്ഡലത്തിലെ മത്സ്യ വിപണനത്തിലേർപ്പെട്ടിരിക്കുന്ന 340 മത്സ്യകച്ചവട വനിതകൾക്കായി 68 ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.

5) വലകൾക്കുള്ള സബ്സിഡി പദ്ധതി

കാഞ്ഞങ്ങാട് മണ്ഡലത്തിൽ 27 ഗുണഭോക്താക്കൾക്ക് 2.67 ലക്ഷം രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്.

6) നാടൻ വള്ളങ്ങളുടെ നവീകരണം

കാഞ്ഞങ്ങാട് മണ്ഡലത്തിൽ മോട്ടറൈസേഷൻ സബ്സിഡിയായി 1.70 ലക്ഷം രൂപ 7 ഗുണഭോക്താക്കൾക്കായി അനുവദിച്ച് നൽകിയിട്ടുണ്ട്.

7) മത്സ്യത്തൊഴിലാളികൾക്കുള്ള മണ്ണെണ്ണ സബ്സിഡി

മത്സ്യഫെഡിന്റെ മണ്ണെണ്ണ ബങ്കുകൾ വഴി മത്സ്യത്തൊഴിലാളികൾക്ക് ലിറ്ററിന് 25/- രൂപ നിരക്കിൽ മണ്ണെണ്ണയ്ക്ക് സബ്സിഡി നൽകുന്നു. 268 മത്സ്യത്തൊഴിലാളികൾക്ക് 17.12 ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.

## ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നടപ്പാക്കുന്ന പദ്ധതികൾ

| തീരദേശ റോഡുകളുടെ പുനരുദ്ധാരണം | | | | |
|---|---|---|---|---|
| ക്രമ നം. | കാലയളവ് | പദ്ധതിയുടെ പേര് | ഭരണാനുമതി തുക (ലക്ഷത്തിൽ) | നിലവിലെ അവസ്ഥ |
| 1 | 2021-2022 | ഇക്ബാൽ എച്ച്.എസ്.എസ്.പുളിക്കാൽ അമ്പലം റോഡ്-റീടാറിംഗ് | 41.00 | പ്രവൃത്തി പൂർത്തീകരിച്ചു |
| 2 | | കാറ്റാടി ജംഗ്ഷൻ- കൊത്തിക്കാൽ റോഡ് - റീടാറിംഗ് | 7.60 | പ്രവൃത്തി പൂർത്തീകരിച്ചു |
| 3 | | ചേറ്റുകുണ്ട്-ചിത്താരി കടപ്പുറം അഴിമുഖം റോഡ്-റീടാറിംഗ് | 35.00 | പ്രവൃത്തി പൂർത്തീകരിച്ചു |
| 4 | | ഫ്രണ്ട്സ് ക്ലബ് റോഡ് | 49.00 | പ്രവൃത്തി പൂർത്തീകരിച്ചു |
| 1 | 2022-2023 | ഇക്ബാൽ എച്ച്.എസ്.എസ് - അടിമേൽ-അമ്പലം - റെയിൽവേ ട്രാക്ക് റോഡ് - കോൺക്രീറ്റ് റോഡ് അഭിവൃദ്ധിപ്പെടുത്തൽ | 104.80 | പ്രവൃത്തിയുടെ സൈറ്റ് കൈമാറി നൽകിയിട്ടുണ്ട്. |
| 2 | | ഇക്ബാൽ എച്ച്.എസ്.എസ്.പളിക്കൽ അമ്പലം റോഡ്-റീടാറിംഗ് | 41.00 | പ്രവൃത്തി പൂർത്തീകരിച്ചു. |
| 3 | | ചേറ്റുകുണ്ട്-ചിത്താരി കടപ്പുറം അഴിമുഖം റോഡ്-റീടാറിംഗ് | 35.00 | പ്രവൃത്തി പൂർത്തീകരിച്ചു. |

| | കാസർഗോഡ് ഡെവലപ്പ്മെന്റ് പാക്കേജ് | | | | |
|---|---|---|---|---|---|
| ക്ര നം. | പദ്ധതിയുടെ പേര് | വർഷം | ഭരണാനുമതി തുക (ലക്ഷത്ത ിൽ) | നിയോജകമണ്ഡലം | നിലവിലെ അവസ്ഥ |

| | | | | | |
|---|---|---|---|---|---|
| 1 | കാഞ്ഞങ്ങാട് മണ്ഡലത്തിലെ ഹോസ്ദുർഗ്ഗ് ഫിഷ് ലാന്റിംഗ് സെന്റർ നിർമ്മാണം | 2020-21 | 158.2 | കാഞ്ഞങ്ങാട് | കരാർ ഉടമ്പടിയിലേർപ്പെട്ടു. റോഡിന്റെ സ്ഥലം സംബന്ധിച്ച് തർക്കം നിലനിൽക്കുന്നു. |
| 2 | കാസർഗോഡ് ഡെവലപ്പ്മെന്റ് പാക്കേജ്- 2022-23- ഹോസ്ദുർഗ്ഗിലെ മത്സ്യതൊഴിലാളികൾക്കായുള്ള ബോധവൽക്കരണ സെന്ററിന്റെയും സ്കൂളിന്റെയും നിർമ്മാണം | 2022-23 | 160 | കാഞ്ഞങ്ങാട് | ഭരണാനുമതി നൽകി സാങ്കേതികാനുമതി എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. |
| 3 | കെഡിപി 2022-23 - ബേസിംഗ് ഡെവലപ്പ്മെന്റ് - ഇൻഡസ്ട്രിയൽ ഏരിയ- കാഞ്ഞങ്ങാട് മണ്ഡലത്തിലെ മടിക്കൈ പുത്തുക്കൈ വില്ലേജിലേക്കുള്ള അപ്രോച്ച് റോഡിന്റെ നിർമ്മാണം | 2022-23 | 273 | കാഞ്ഞങ്ങാട് | ഭരണാനുമതി നൽകി സാങ്കേതികാനുമതി എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. |

ഡെപ്പോസിറ്റ് പ്രവൃത്തികൾ

| | | | |
|---|---|---|---|
| 1. മടിക്കൈ പുത്തുകൈ വില്ലേജിലെ ഇൻഡസ്ട്രിയൽ ഏരിയയുടെ അടിസ്ഥാന വികസന പ്രവൃത്തികൾ | കാഞ്ഞങ്ങാട് | 490 | സെക്യൂരിറ്റി ബിൽഡിംഗ് വാളിന്റെ പ്രവർത്തനം പൂർത്തീകരിച്ചു. ചുറ്റമതിലിന്റെ നിർമ്മാണം ഭാഗികമായി പൂർത്തീകരിച്ചു. അതിർത്തി തർക്കം മൂലം പ്രവൃത്തി താൽക്കാലികമായി നിർത്തിവെച്ചു. |
| 2. മടിക്കൈ പുത്തുകൈ വില്ലേജിലെ ഇൻഡസ്ട്രിയൽ ഏരിയയുടെ അടിസ്ഥാന വികസന പ്രവൃത്തികൾ - ചുറ്റമതിലിന്റെ നിർമ്മാണം - രണ്ടാം ഘട്ടം | കാഞ്ഞങ്ങാട് | | പ്രവൃത്തി പുരോഗമിക്കുന്നു. |

**ഇൻവെസ്റ്റിഗേഷൻ ഫോർ ഫിഷറീസ് ഇൻഫ്രാസ്ട്രക്ചർ**

| | | | |
|---|---|---|---|
| അജാനൂർ ഫിഷിംഗ് ഹാർബറിന്റെ പ്രാഥമിക അന്വേഷണഗവേഷണ പഠനം-ബോറിംഗ് പ്രവൃത്തി | കാഞ്ഞങ്ങാട് | 15 | പ്രവൃത്തി പുരോഗമിക്കുന്നു. |

**അനുബന്ധം – 2**

I. **സാഫ്**

കാഞ്ഞങ്ങാട് മണ്ഡലത്തിൽ ചെറുകിട തൊഴിൽ യൂണിറ്റുകൾക്ക് സംരംഭം ആരംഭിക്കുന്നതിനായി ഒന്നാംഗഡു ധനസഹായം അനുവദിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ് (ജെഎൽജി) പദ്ധതി പ്രകാരം തിരഞ്ഞെടുത്തിരിക്കുന്ന 5 ജെഎൽജി യൂണിറ്റുകൾക്ക് പ്രവർത്തന മൂലധനമായി 50000 രൂപ വീതം 2.50 ലക്ഷം രൂപ പലിശരഹിത റിവോൾവിംഗ് ഫണ്ട് അനുവദിച്ചു. യൂണിറ്റുകൾ തിരിച്ചടവ് ആരംഭിച്ചിട്ടുണ്ട്.

II **കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ**

| ക്രമ നം. | പദ്ധതി | നിലവിലെ അവസ്ഥ |
|---|---|---|
| സ്റ്റേറ്റ് പ്ലാൻ പദ്ധതികൾ | | |
| 1 | ജി.ആർ.എഫ്.ടി.എച്ച്.എസ്സ്. കാഞ്ഞങ്ങാട് ഹോസ്റ്റൽ റീവയറിംഗ് | പദ്ധതി പൂർത്തീകരിച്ചു |
| 2 | ഫിഷർമെൻ യൂട്ടിലിറ്റി സെന്റർ, അജാനൂർ | പദ്ധതി പൂർത്തീകരണ ഘട്ടത്തിൽ |
| കിഫ്ബ് പദ്ധതി | | |
| 3 | മത്സ്യമാർക്കറ്റ് നിർമ്മാണം, കാഞ്ഞങ്ങാട് | നിർമ്മാണ പ്രവൃത്തിയ്ക്കായി പഞ്ചായത്തിൽ നിന്നും അനുവദിച്ച സ്ഥലം പ്രായോഗികമല്ലാത്തതിനാൽ പുതിയ സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ പഞ്ചായത്തുമായി ബന്ധപ്പെട്ട് സ്വീകരിച്ചു വരുന്നു. |

III. **മത്സ്യഫെഡ്**

കാഞ്ഞങ്ങാട് മണ്ഡലത്തിൽ പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ വഴി മത്സ്യത്തൊഴിലാളികൾക്ക് നൽകി വരുന്ന വായ്പകളും മറ്റ് ധനസഹായങ്ങളും തുടരുന്നു.

## IV. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്

| തീരദേശ റോഡുകളുടെ പുനരുദ്ധാരണം | | | | |
|---|---|---|---|---|
| ക്രമ നം. | കാലയളവ് | പദ്ധതിയുടെ പേര് | ഭരണാനുമതി തുക (ലക്ഷത്തിൽ) | നിലവിലെ അവസ്ഥ |
| 1 | 2022-2023 | ഇക്ബാൽ എച്ച്.എസ്.എസ് - അടിമേൽ-അമ്പലം - റെയിൽവേ ട്രാക്ക് റോഡ് - കോൺക്രീറ്റ് റോഡ് അഭിവൃദ്ധിപ്പെടുത്തൽ | 104.80 | പ്രവൃത്തിയുടെ സൈറ്റ് കൈമാറി നൽകിയിട്ടുണ്ട്. |
| **കാസർഗോഡ് ഡെവലപ്പ്മെന്റ് പാക്കേജ്** | | | | |
| 2 | 2020-21 | കാഞ്ഞങ്ങാട് മണ്ഡലത്തിലെ ഹോസ്ദുർഗ്ഗ് ഫിഷ് ലാന്റിംഗ് സെന്റർ നിർമ്മാണം | 158.2 | കരാർ ഉടമ്പടിയിലേപ്പെട്ടു. റോഡിന്റെ സ്ഥലം സംബന്ധിച്ച് തർക്കം നിലനിൽക്കുന്നു. |
| **ഡെപ്പോസിറ്റ് വർക്ക്** | | | | |
| 3 | | ഇൻഡസ്ട്രിയൽ ഏരിയ- കാഞ്ഞങ്ങാട് മണ്ഡലത്തിലെ മടിക്കൈ പുത്തുക്കൈ വില്ലേജിന്റെ ബേസിംഗ് ഡെവലപ്പ്മെന്റ് ചുറ്റമതിലിന്റെ നിർമ്മാണം - രണ്ടാം ഘട്ടം | 490 | പ്രവൃത്തി പുരോഗമിക്കുന്നു. |